ഉത്തരം

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രസ്തുത റോഡിന്റെ ടെണ്ടർ വിളിച്ചു. അതിന്മേലുള്ള അനന്തരനടപടികൾ നടന്നു വരുന്നു.

(ബി) 38.55 കോടി രൂപ.

(സി) ലോക ബാങ്കിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം ഡിവിഷനിലെ കാഞ്ഞിരംകുളം സെക്ഷനിൽപ്പെട്ട റോഡുകളുടെ ഏറ്റെടുക്കൽ

95 [408] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം പൊതുമരാമത്ത് റോഡ് ഡിവിഷനിലെ നെയ്യാറ്റിൻകര സബ് ഡിവിഷനിൽ. കാഞ്ഞിരംകുളം സെക്ഷനിൽപ്പെട്ട കണ്ണറവിള-മണ്ണക്കല്ല്-മണ്ണാറ്റുകോണം റോഡും ഉച്ചക്കട-സിസിലിപുരം-ചാവടിനട റോഡും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

23-8-2005-ലെ സർക്കാർ ഉത്തരവ് നമ്പർ 794/05/പൊമവ പ്രകാരം പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

മാക്കുനി മുതൽ ചമ്പാട് വരെയുള്ള റോഡിന്റെ പുനരുദ്ധാരണം

96 [409] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട്-മീത്തലെ ചമ്പാട് റോഡിൽ മാക്കുനി മുതൽ ചമ്പാട് വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കാൻ വൈകുന്നതാണോ പ്രസ്തുത റോഡിന്റെ പ്രവൃത്തി തുടങ്ങാൻ വൈകുന്നതിന് കാരണം എന്ന് അറിയിക്കുമോ;

(സി) ഭൂമി ഏറ്റെടുത്ത് പ്രവൃത്തി പൂർത്തിയാക്കൽ എന്നത്തേക്ക് സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) റോഡ് പ്രവൃത്തി എന്നു തുടങ്ങാൻ കഴിയും എന്നു വ്യക്തമാക്കാമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly